**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്നവർക്കും വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | 05.04.2018 ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്നവർക്കും, നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് എൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചു വരുന്നു. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകനു ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 933 06/10/2021-ൽ മറുപടിയ്ക്ക്

**വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ :** | **ശ്രീ. എ.കെ.ശശീന്ദ്രൻ**<br>(വനം, വന്യജീവി വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്നവർക്കും വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | 05.04.2018 ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചു വരുന്നു. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നല്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**